REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-04-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- കേരളം ഉൾപ്പെടെ രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 ലോക്സഭാ മണ്ഡലങ്ങളിൽ നാമനിർദേശ പത്രികാ സമർപ്പണം അല്പസമയത്തിനകം അവസാനിയ്ക്കും.
- സംസ്ഥാനത്ത് ഇന്ന് ഒട്ടേറെ പ്രമുഖർ പത്രിക നൽകി.
- കരുവന്നൂർ സഹകരണ ബാങ്കിൽ CPIM-ന് രഹസ്യ അക്കൗണ്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- സ്വർണവിലയിൽ കുതിപ്പ് തുടരുന്നു. പവന് ഇന്ന് 400 രൂപ വർധിച്ചു.
- സംസ്ഥാനത്തെ 11 ജില്ലകളിൽ ഞായറാഴ്ച വരെ കനത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് പഞ്ചാബ് കിങ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

കേരളം ഉൾപ്പെടെ രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 ലോക്സഭാ മണ്ഡലങ്ങളിൽ നാമനിർദേശ പത്രികാ സമർപ്പണം അല്പസമയത്തിനകം അവസാനിയ്ക്കും. ഉച്ച കഴിഞ്ഞ് മൂന്നുവരെയാണ് പത്രിക സമർപ്പിയ്ക്കാൻ സമയം.

സംസ്ഥാനത്ത് അവസാന മണിക്കൂറുകളിൽ നിരവധി പ്രമുഖർ പത്രിക നൽകി. തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ NDA സ്ഥാനാർഥി രാജീവ് ചന്ദ്രശേഖർ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. കേന്ദ്ര മന്ത്രി ഡോ. S. ജയശങ്കർ, തുടങ്ങിയവർക്കൊപ്പം റോഡ് ഷോയ്ക്ക് ശേഷമാണ് അദ്ദേഹം പത്രികാ സമർപ്പണത്തിന് എത്തിയത്.

ആറ്റിങ്ങലിൽ UDF സ്ഥാനാർത്ഥി അടൂർ പ്രകാശ് പത്രിക നൽകി.

ആലപ്പുഴയിൽ UDF സ്ഥാനാർത്ഥി K.C വേണുഗോപാലും പത്രിക നൽകി. മുതിർന്ന കോൺഗ്രസ്സ് നേതാവ് രമേശ് ചെന്നിത്തലയ്ക്കും പ്രവർത്തകർക്കും ഒപ്പമാണ് വേണുഗോപാൽ പത്രിക നൽകാൻ എത്തിയത്. ആലപ്പുഴ മണ്ഡലത്തിലെ LDF സ്ഥാനാർത്ഥി A.M ആരിഫും പത്രിക സമർപ്പിച്ചു.

സിറ്റിംഗ് MPയും UDF എറണാകുളം മണ്ഡലം സ്ഥാനാർത്ഥിയുമായ ഹൈബി ഈഡൻ വരണാധികാരിയും ജില്ലാ കളക്ടറുമായ NSK ഉമേഷിനു മുൻപാകെ നാമനിർദേശ പത്രിക സമർപ്പിച്ചു.

കോട്ടയത്ത് UDF സ്ഥാനാർഥി കെ. ഫ്രാൻസിസ് ജോർജ് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു.

തൃശൂരിൽ NDA സ്ഥാനാർത്ഥി സുരേഷ് ഗോപിയും പത്രിക നൽകി.

വയനാട്ടിൽ BJP സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ NDA സ്ഥാനാർത്ഥിയായി പത്രിക നൽകി. കേന്ദ്രമന്ത്രി സ്മൃതി ഇറാനിയടക്കം പ്രമുഖ നേതാക്കൾ പങ്കെടുത്ത റോഡ് ഷോയ്ക്ക് ശേഷമാണ് സുരേന്ദ്രൻ പത്രിക നൽകിയത്.

പാലക്കാട് NDA സ്ഥാനാർത്ഥി കൃഷ്ണകുമാറും ആലത്തൂരിൽ UDF സ്ഥാനാർത്ഥി രമ്യാ ഹരിദാസും പത്രിക സമർപ്പിച്ചു. വടകരയിൽ UDF സ്ഥാനാർത്ഥി ഷാഫി പറമ്പിൽ റോഡ് ഷോയ്ക്ക് ശേഷം പത്രിക നൽകി.

മാവേലിക്കരയിൽ NDA സ്ഥാനാർത്ഥി ബൈജു കലാശാല പത്രിക സമർപ്പിച്ചു.

സൂക്ഷ്മ പരിശോധന നാളെ നടക്കും. തിങ്കളാഴ്ച്ച പത്രിക പിൻവലിക്കാൻ സമയ പരിധി കഴിയുന്നതോടെ സംസ്ഥാനത്തെ 20 മണ്ഡലങ്ങളിലെയും മത്സര ചിത്രം വ്യക്തമാകും. ഈമാസം 26 നാണ് വോട്ടെടുപ്പ്. ജൂൺ നാലിന് ഫലമറിയാം.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പ് സാഹചര്യത്തിൽ അന്തർ സംസ്ഥാന അതിർത്തികളിലും രാജ്യാതിർത്തികളിലും കർശന ജാഗ്രത പുലർത്താൻ തെരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി. വോട്ടർമാരെ സ്വാധീനിക്കാൻ വ്യാജ മദ്യവും പണവും മയക്കു മരുന്നും ആയുധങ്ങളുമടക്കം പുറമെനിന്ന് കൊണ്ടുവരുന്നത് തടയണമെന്ന് ചീഫ് സെക്രട്ടറിമാർക്കും DGP മാർക്കും നൽകിയ കത്തിൽ കമ്മീഷൻ ആവശ്യപ്പെട്ടു.

സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ക്രമസമാധാന സാഹചര്യം ഇന്നലെ ഡൽഹിയിൽ കമ്മീഷൻ വിലയിരുത്തി.

✪✪✪

മഹാരാഷ്ട്രയിലെ മുതിർന്ന നേതാവും മുൻ എംപിയുമായ സഞ്ജയ് നിരുപമിനെ കോൺഗ്രസ്സിൽ നിന്ന് ആറ് വർഷത്തേക്ക് പുറത്താക്കി. അച്ചടക്കമില്ലായ്മയും പാർട്ടി വിരുദ്ധ പ്രസ്താവനകളും കണക്കിലെടുത്താണ് നടപടിയെന്ന് പാർട്ടി ജനറൽ സെക്രട്ടറി K.C. വേണുഗോപാൽ അറിയിച്ചു.

✪✪✪

കോഴിക്കോട് ലോക്സഭാ മണ്ഡലത്തിലെ NDA സ്ഥാനാർത്ഥി M.T. രമേശിന്റെ പ്രചരണാർത്ഥം BJP ദേശീയ അദ്ധ്യക്ഷൻ. J.Pനദ്ദ മറ്റന്നാൾ കോഴിക്കോട്ടെത്തും. വൈകീട്ട് കോഴിക്കോട്ട് NDA യുടെ റോഡ്ഷോയിൽ അദ്ദേഹം പങ്കെടുക്കുമെന്ന് BJP ജില്ലാപ്രസിഡന്റ് വി.കെ.സജീവൻ അറിയിച്ചു.

✪✪✪

കോൺഗ്രസ് നയമില്ലാത്ത പാർട്ടിയാണെന്ന് CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ കുറ്റപ്പെടുത്തി. പൗരത്വ ഭേദഗതി നിയമം നടപ്പാക്കരുതെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടില്ലെന്ന് അദ്ദേഹം മലപ്പുറത്ത് ആരോപിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റ് കാസർഗോഡിന് വേണ്ടി ഒന്നും ചെയതില്ലെന്നും സാധാരണക്കാരന്റെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചില്ലെന്നും കോൺഗ്രസ് നേതാവ് ചാണ്ടി ഉമ്മൻ MLA. കണ്ണൂർ പഴയങ്ങാടിയിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാസർഗോഡ് മണ്ഡലം UDF സ്ഥാനാർത്ഥി രാജ് മോഹൻ ഉണ്ണിത്താന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തിയതായിരുന്നു അദ്ദേഹം. കാസർഗോഡ് മെഡിക്കൽ കോളേജിന് വേണ്ടി ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ SDPI പിന്തുണ സ്വീകരിക്കില്ലെന്ന് UDF വ്യക്തമാക്കി. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പ്രതിപക്ഷ നേതാവ് V.D സതീശനും UDF കൺവീനർ M.M. ഹസ്സനുമാണ് നിലപാട് വ്യക്തമാക്കിയത്. ഭൂരിപക്ഷ - ന്യൂനപക്ഷ വർഗ്ഗീയതകൾ ഒരു പോലെയാണെന്ന് V.D. സതീശൻ പറഞ്ഞു. SDPI പിന്തുണയും ഇതുപോലെയാണ് കാണുന്നത്. വോട്ട് ആർക്ക് വേണമെങ്കിലും ചെയ്യാം. വയനാട്ടിൽ രാഹുൽ ഗാന്ധിയുടെ റോഡ് ഷോയിൽ പാർട്ടി പതാക ഉപയോഗിക്കാത്തതിൽ മുഖ്യമന്ത്രിയ്ക്ക് വേവലാതി വേണ്ടെന്നും AKG സെന്ററിൽ നിന്നല്ല UDF നിലപാട് സ്വീകരിക്കുന്നതെന്നും സതീശൻ വ്യക്തമാക്കി. മുഖ്യമന്ത്രിക്ക് കേന്ദ്രത്തെ പേടിയാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

മലപ്പുറം ലോക്സഭാ മണ്ഡലത്തിൽ റംസാൻ മാസമായതിനാൽ തെരഞ്ഞെടുപ്പ് പ്രചാരണം ഇനിയും ശക്തിയാർജ്ജിച്ചിട്ടില്ല. എങ്കിലും സ്ഥാനാർത്ഥികൾ മണ്ഡലത്തിൽ നാലും അഞ്ചും റൗണ്ട് പര്യടനം ഇതിനകം പൂർത്തിയാക്കി കഴിഞ്ഞു.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി എം സുരേഷ് ബാബു

............ വോയ്സ് .............

കരുവന്നൂർ സഹകരണ ബാങ്കിൽ CPIM-ന് രഹസ്യ അക്കൗണ്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജനങ്ങൾ നൽകുന്ന ഫണ്ട് പാർട്ടി സുതാര്യമായാണ് വിനിയോഗിക്കുന്നതെന്നും അദ്ദേഹം കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഫണ്ട് പ്രവർത്തനങ്ങൾ സുതാര്യമാകണമെന്നതിനാലാണ് CPIM ഇലക്ടറൽ ബോണ്ടിനെതിരായ നിലപാട് സ്വീകരിച്ചതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. രാഹുൽ ഗാന്ധി വയനാട്ടിൽ പങ്കെടുത്ത റോഡ് ഷോയിൽ എന്തുകൊണ്ട് കോൺഗ്രസിന് സ്വന്തം പതാക ഉയർത്തിപ്പിടിക്കാൻ ആർജ്ജവം ഇല്ലാതെ പോയതെന്ന് മുഖ്യമന്ത്രി ചോദിച്ചു. മുസ്ലിംലീഗിന്റെ വോട്ട് വേണം എന്നാൽ പതാക വേണ്ടെന്ന് നിലപാട് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

എൽഡിഎഫിന് അനുകൂലമായ ജനവികാരമാണ് തിരഞ്ഞെടുപ്പിൽ കാണാൻ കഴിയുന്നതെന്നും അദ്ദേഹം അവകാശപ്പെട്ടു.

✪✪✪

കരുവന്നൂർ ബാങ്കിലെ കള്ളപ്പണ ഇടപാടു കേസിൽ മുൻ MP, പി.കെ ബിജുവിനെ ED- ചോദ്യം ചെയ്യുന്നു . കേസിലെ മുഖ്യപ്രതി സതീഷ് കുമാറിൽ നിന്ന് പി.കെ. ബിജുവിന് പണം കിട്ടിയിട്ടുണ്ടെന്ന മൊഴിയുടെ അടിസ്ഥാനത്തിലാണ് ചോദ്യംചെയ്യൽ.

ED-ഉദ്യോഗസ്ഥരുടെ ചോദ്യങ്ങൾക്ക് അറിയാവുന്ന ഉത്തരം നൽകുമെന്ന് ബിജു മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സ്വർണവിലയിൽ കുതിപ്പ് തുടരുന്നു. രണ്ട് ദിവസത്തിനിടെ പവന് ആയിരം രൂപ വർധിച്ചു. ഇന്ന് 400 രൂപ കൂടി 51,680 രൂപയ്ക്കാണ് വ്യാപാരം നടക്കുന്നത്. ഗ്രാമിന് 50 രൂപ വർധിച്ച് 6,460 രൂപയാണ് വില. ഇന്നലെ 600 രൂപ വർധിച്ചിരുന്നു.

അന്താരാഷ്ട്രതലത്തിൽ വില കൂടിയതാണ് സംസ്ഥാനത്തും സ്വർണവില തുടർച്ചയായി ഉയരാൻ കാരണം. ഡോളറിനോട് രൂപയുടെ മൂല്യം ഇടിഞ്ഞതും സുരക്ഷിത നിക്ഷേപമായി സ്വർണം വാങ്ങുന്നവരുടെ എണ്ണം വർധിച്ചതും വില വർധനയ്ക്ക് കാരണമായതായി വിദഗ്ധർ പറയുന്നു.

✪✪✪

സംസ്ഥാനത്തെ 11 ജില്ലകളിൽ ഞായറാഴ്ച വരെ കനത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. രണ്ട് മുതൽ നാലു ഡിഗ്രി വരെ കൂടുതലായിരിക്കും ഇവിടങ്ങളിൽ പകൽ ചൂട്. തിരുവനന്തപുരവും, ഇടുക്കിയും ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് ഇന്നും വേനൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലാണ് നേരിയ മഴയ്ക്ക് സാധ്യത.

✪✪✪

ഉഷ്ണ തരംഗം നേരിടുന്ന സംസ്ഥാനങ്ങളുടെ ഭൗതിക സാഹചര്യ ഡാറ്റാ ബേസ് തയ്യാറാക്കാൻ ആവശ്യമായ വിവരങ്ങൾ കൈമാറാൻ കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടു. കാലാവസ്ഥാ വകുപ്പ് നൽകുന്ന മുന്നറിയിപ്പുകളിൽ അടിയന്തര കരുതൽ നടപടികൾ എടുക്കാൻ സംസ്ഥാനങ്ങൾ തയ്യാറാകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് പഞ്ചാബ് കിങ്സിനെ നേരിടും.വൈകിട്ട് ഏഴരയ്ക്ക് അഹമ്മദാബാദിൽ ആണ് മത്സരം.

വിശാഖപട്ടണത്ത് ഇന്നലെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ 106 റൺസിന് തോൽപ്പിച്ചു.

ISL ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ FC, ജംഷെഡ്പൂർ FC- യെ നേരിടും.ചെന്നൈയിൽ വൈകിട്ട് ഏഴരക്ക് ആണ് മത്സരം.

കൊച്ചിയിൽ ഇന്നലെ സീസണിലെ അവസാന ഹോം മത്സരത്തിൽ കേരളാ ബ്ലാസ്റ്റേഴ്സിനെ രണ്ടിനെതിരെ നാല് ഗോളിന് ഈസ്റ്റ് ബംഗാൾ പരാജയപ്പെടുത്തി. ഇതോടെ പോയിന്റ് പട്ടികയിൽ ബ്ലാസ്റ്റേഴ്സ് അഞ്ചാം സ്ഥാനത്തായി.

കേരള വെറ്ററിനറി സർവ്വകലാശാല വൈസ് ചാൻസലറെ സസ്പെൻഡ് ചെയ്ത ഗവർണറുടെ നടപടി റദ്ദാക്കണമെന്ന ഹർജി ഹൈക്കോടതി ഇന്ന് പരിഗണിച്ചേക്കും. സസ്പെൻഷനിലായ വി.സി M.R ശശീന്ദ്രനാഥ് നൽകിയ ഹർജി ജസ്റ്റിസ് സിയാദ് റഹ്മാനാണ് പരിഗണിക്കുക. ശശീന്ദ്രനാഥിനെ സസ്പെൻഡ് ചെയ്തതിനെതിരായ ഹർജിയിൽ കക്ഷി ചേരുന്നതിന് മരിച്ച വെറ്ററിനറി കോളേജ് വിദ്യാർത്ഥി സിദ്ധാർത്ഥന്റെ അച്ഛൻ ഉപ ഹർജിയും നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ മഞ്ഞപ്പിത്തത്തിനെതിരെ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യവകുപ്പ് നിർദ്ദേശം നൽകി.

ജില്ലയിൽ പലയിടത്തും ഹെപ്പറ്റൈറ്റിസ് A വിഭാഗത്തിൽ പെട്ട രോഗം വ്യാപിക്കുന്ന സാഹചര്യത്തിലാണ് മുന്നറിയിപ്പ്.

✪✪✪

ജന്തു -ജന്യ രോഗങ്ങൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് വയനാട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. മുൻ വർഷങ്ങളിൽ മെയ് മാസത്തിലാണ് നിപ രോഗബാധ സ്ഥിരീകരിച്ചതെന്നും കോഴിക്കോട് ജില്ലയോട് അതിർത്തി പങ്കിടുന്ന ജില്ലയായതിനാൽ ജനങ്ങൾ തികഞ്ഞ ജാഗ്രത പുലർത്തണമെന്നും അധികൃതർ അറിയിച്ചു.

✪✪✪

കണ്ണൂർ കണ്ണപുരത്ത് ബൈക്ക് അപകടത്തിൽ ഒരാൾ മരിച്ചു. ഒരാൾക്ക് ഗുരുതര പരിക്ക്. മരിച്ചയാളെ തിരിച്ചറിഞ്ഞില്ല.

✪✪✪

സംസ്ഥാനത്ത് ട്രെയിനിൽ വീണ്ടും TTE-ക്ക് നേരെ ആക്രമണം. തിരുവനന്തപുരത്ത് നിന്ന് കോഴിക്കോട്ടേക്ക് പുറപ്പെട്ട ജനശദാബ്ദി ട്രെയിനിലെ TTE ജയ്സണെയാണ് ഭിക്ഷക്കാരൻ ആക്രമിച്ചത്. തിരുവനന്തപുരത്ത് നിന്ന് ട്രെയിൻ പുറപ്പെടാനിരിക്കെ മറ്റു യാത്രക്കാരെ തള്ളിമാറ്റി ട്രെയിനിലേക്ക് പാഞ്ഞുകയറിയ ഇയാൾ ടിടിഇ ടിക്കറ്റ് ചോദിച്ചതോടെ ഒഴിഞ്ഞുമാറി. തുടർന്ന് ഫൈൻ അടയ്ക്കാൻ പറഞ്ഞതോടെ ഇയാൾ ടിടിഇയെ ആക്രമിക്കുകയായിരുന്നു. TTE-യുടെ മുഖത്തടിച്ച ഇയാൾ കണ്ണിനും പരുക്കേൽപ്പിച്ചു.

തുടർന്ന് ഇയാൾ ഓടുന്ന ട്രെയിനിൽ നിന്ന് ചാടി രക്ഷപ്പെടുകയായിരുന്നു.